2

# മരിക്കുമ്പോൾ എന്തു സംഭവിക്കും?

*"പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും; ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപോകും" (സഭാപ്രസംഗി 12:7).*

ഒരു വ്യക്തി മരിക്കുമ്പോൾ അയാളുടെ ദേഹത്തിനും, ദേഹിക്കും, ആത്മാവിനും എന്തു സംഭവിക്കും? ശരീരം മരിച്ച ശേഷം ദേഹിയും ആത്മാവും ജീവിച്ചിരിക്കുമോ? മരണശേഷം നാം ജീവിക്കുമെന്നു പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ? "ആത്മാവില്ലാത്ത ശരീരം നിർജീവമാണെന്ന്" ബൈബിൾ പറയുന്നുണ്ടെങ്കിലും (യാക്കോബ് 2:26), ശരീരമില്ലാത്ത ആത്മാവ് നിർജീവമാണെന്ന് പറയുന്നില്ല. മരണശേഷവും നമുക്ക് ജീവിതമുണ്ടെന്ന് യേശു പറഞ്ഞിരിക്കുന്നു: "മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ചോ? ദൈവം അരുളിച്ചെയ്തിരിക്കുന്നതു നിങ്ങൾ വായിച്ചിട്ടില്ലയോ? 'ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കൊബിന്റെ ദൈവവുമാകുന്നു' എന്ന് അവൻ അരുളിച്ചെയ്യുന്നു; എന്നാൽ അവൻ മരിച്ചവരുടെ ദൈവം അല്ല, ജീവനുള്ളവരുടെ ദൈവം അത്രേ" (മത്തായി 22:31, 32). ദൈവം പിതാക്കന്മാരുടെ ദൈവമാകയും, മരിച്ചവരുടെ ദൈവം അല്ലാതെ ജീവനുള്ളവരുടെ ദൈവം ആകയാൽ, ഒരർത്ഥത്തിൽ ബൈബിളിൽ പറഞ്ഞിട്ടുള്ള ആളുകൾ മരണശേഷവും ജീവിക്കുന്നു.

മോശെയും ഏലിയാവും വളരെ മുൻപ് മരിച്ചവരായിരുന്നെങ്കിലും, അവർ മറുരൂപമലയിൽ വെച്ച് യേശുവിനു പ്രത്യക്ഷരായി (മത്തായി 17:1-4). അബ്രഹാം, ലാസർ, ധനവാൻ എന്നിവർ മരിച്ചശേഷവും ജീവിച്ചിരിക്കുന്നവരും സുബോധമുള്ളവരുമായി യേശു ചിത്രീകരിച്ചിരിക്കുന്നതായി ലൂക്കൊസ് 16:19-30 ൽ വിവരിച്ചിരിക്കുന്നു. പൗലൊസ് ശരീരം വിട്ടുകൊണ്ടായിരിക്കണം മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടത് (2 കൊരിന്ത്യർ 12:2-4), അതിനർത്ഥം നമ്മുടെ ആത്മാക്കൾക്ക് ശരീരം വിട്ടാലും ജീവിക്കാം എന്നാണ്. ശരീരം വിട്ട് കർത്താവിനോടുകൂടെ വസിപ്പാൻ ആഗ്രഹിക്കുന്നു എന്ന് പൗലൊസ് എഴുതുകയുണ്ടായി (2 കൊരിന്ത്യർ 5:8), നമുക്ക് ശരീരം വിട്ടാലും ജീവനുണ്ടാകുമെന്ന് അതു തെളിയിക്കുന്നു.

### ഭൗതികശരീരവും മരണവും

നമ്മെ ഗർഭം ധരിച്ചപ്പോൾ ദൈവം നമ്മുടെ ആത്മാക്കളെ നമ്മിൽ തരുന്നു (സഭാപ്രസംഗി 12:7; സെഖര്യാവ് 12:1). ആത്മാവും ഭൗതികശരീരവും ചേരുമ്പോഴാണ് ശരീരത്തിന് ജീവൻ ഉണ്ടാകുന്നത്. ശരീരത്തിൽ ദേഹിയും ആത്മാവും ഉള്ളേടത്തോളമാണ് അതിന് ജീവനുള്ളത് (1 രാജാക്കന്മാർ 17:21, 22; യാക്കൊബ് 2:26).

ശരീരം മരിക്കുന്നതോടുകൂടി ജീവിതം അവസാനിക്കുന്നില്ല, എന്നാൽ ജീവൻ അതിൽനിന്നു മാറുന്നു എന്നു മാത്രം. മരണശേഷം ശരീരം എംബാം

ചെയ്തില്ലെങ്കിൽ, ക്രമേണ അഴുകുവാൻ തുടങ്ങുകയും അവസാനം മണ്ണിലേക്ക് ചേരുകയും ചെയ്യും (ഉൽപത്തി 3:19; സഭാപ്രസംഗി 12:7). ഒരാളുടെ ശരീരത്തിന് പ്രവർത്തിക്കുവാൻ ഭൗതിക ശക്തി പകരുന്നത് ജീവൻ ആണ്. മരണത്തോടെ അതിന്റെ ബുദ്ധിശക്തിയും, എല്ലാ വൈകാരിക പ്രവർത്തനങ്ങളും നിലക്കും. ശരീരത്തിനു ചെയ്യുവാൻ കഴിയുന്ന സുഖമുള്ളതും സുഖമില്ലാത്തതുമായ എല്ലാ കാര്യങ്ങൾക്കും അവസാനമാകും.

---

**"പ്രാണൻ" (*സോയേ*) വിവരിച്ചിരിക്കുന്നത്:**

1. ഭൗതിക ജീവൻ (പ്രവൃത്തികൾ 17:25)
2. ശരിയായ ജീവവഴി (ലൂക്കൊസ് 12:15; കൂടാതെ റോമർ 6:4; 8:6, 10; ഗലാത്യർ 2:20; 1 പത്രൊസ് 3:10; 2 പത്രൊസ് 1:3)
3. ആത്മിയജീവൻ (യോഹന്നാൻ 10:10; 1 യോഹന്നാൻ 5:12), അതു പുതിയ ജനനത്താൽ സാധ്യമാകുന്നതും എന്നേക്കുമുള്ളതായി പരിഗണിക്കേണ്ടതുമാണ് കാരണം മരണത്തിന് അതിനെ ബാധിക്കുവാൻ കഴിയുകയില്ല
4. ഭാവിജീവിതം (മത്തായി 7:14; 18:8, 9; മർക്കൊസ് 10:30; യോഹന്നാൻ 5:29)
5. ജീവന്റെ ഉറവിടം, യേശുവാണ് (യോഹന്നാൻ 1:4; 14:6).

---

**"മരണം" (തനാറ്റോസ്) എന്ന് ഉപയോഗിച്ചിരിക്കുന്നു**

1. ഭൗതികമരണം (മത്തായി 20:18; ലൂക്കൊസ് 2:26)
2. ദുഷിച്ച ജീവിതം (റോമർ 8:6; 1 തിമൊഥെയൊസ് 5:6)
3. പാപത്തിൽ ആത്മിയ മരണവും (കൊലൊസ്യർ 2:13) ദൈവത്തിൽനിന്നുള്ള വേർപാടും (യെശയ്യാവ് 59:1, 2; എഫെസ്യർ 2:11-13) മുടിയനായ പുത്രൻ നഷ്ടപ്പെട്ടപ്പോൾ, അവന്റെ അപ്പൻ പറയുന്നത്, അവൻ മരിച്ചവനായിരുന്നു എന്നാണ് (ലൂക്കൊസ് 15:24)
4. പാപം ചെയ്താൽ ആത്മിയമരണം സംഭവിക്കുമെന്നതുകൊണ്ട് നാം ഇനി പാപസംബന്ധമായി ജീവിക്കരുത് (റോമർ 6:1-6)
5. രണ്ടാമത്തെ മരണം, ഗന്ധകപ്പൊയ്കയിലത്രേ (വെളിപ്പാട് 2:11; 20:14)

---

ഭൗതിക ജീവിതവും മരണവും തമ്മിലുള്ള അന്തരം ഫിലിപ്പിയർ 1:20-ൽ വ്യക്തമാക്കിയിരിക്കുന്നു. നമുക്ക് രണ്ടും ഒരേ സമയത്ത് സാധ്യമല്ല. ഗർഭം ധരിക്കുമ്പോൾ നമുക്ക് ഭൗതിക ജീവിതം നൽകുന്നു. മരണം മുഖാന്തരം നാം ഈ ലോകത്തുനിന്നു കടന്നുപോകുന്നു.

മരണം പാപത്തിന്റെ ഫലമാകുന്നു (റോമർ 5:12). പാപത്തിനായി നമ്മെ പരീക്ഷിക്കുന്നതുകൊണ്ട്; പിശാച് കുലപാതകിയാണ് (യോഹന്നാൻ 8:44). അവന് മരണശക്തിയാണുള്ളത്. യേശുക്രിസ്തു വന്ന് "ജഡരക്തത്തോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി" (എബ്രായർ 2:14; കൂടാതെ 1 തെസലൊനിക്യർ 3:5;

2 തിമൊഥെയൊസ് 2:26). പാപം മുഖാന്തരമുള്ള മരണം പിശാചിന്റെ പ്രവൃത്തിയാണ്, എന്നാൽ നീതി മുഖാന്തരമുള്ള ജീവനാണ് യേശുവിന്റെ പ്രവർത്തിയുടെ ഫലം (റോമർ 5:17).

## മരിക്കുമ്പോൾ ആത്മാവും ദേഹിയും

ശരീരം മരിക്കുമ്പോൾ ആത്മാവും ദേഹിയും മരിക്കുമോ? മരണശേഷവും നാം ജീവിക്കുമോ? യേശു പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട; ദേഹിയേയും ദേഹത്തെയും ഒരുമിച്ച് നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ" (മത്തായി 10:28). ഒരാൾക്ക് ശരീരത്തെ കൊല്ലുവാൻ കഴിയുകയും ദേഹിയെ കൊല്ലുവാൻ കഴിയാതിരിക്കയും ചെയ്യുമ്പോൾ, ശരീരം മരിച്ചാലും ആത്മാവ് ജീവിക്കുമെന്ന് സ്പഷ്ടം. ശരീരത്തിനുള്ള മരണം ആത്മാവിനുള്ള മരണമല്ല.

റാഹേലിന്റെ ആത്മാവ് ശരീരത്തോടൊപ്പം മരിച്ചില്ല. മറിച്ച്, അവൾ മരിച്ചപ്പോൾ, ആത്മാവ് അവളെ വിട്ടുപോകയാണ് ചെയ്തത്: "ജീവൻ പോകുന്ന സമയം (അവൾ മരിച്ചപ്പോൾ) അവൾ അവന്ന് ബെ-നോ-നി എന്ന് പേരിട്ടു; അവന്റെ അപ്പനോ അവന്ന് ബെന്യമീൻ എന്നു പേരിട്ടു" (ഉൽപത്തി 35:18). ഒരാൾ മരിക്കുമ്പോൾ ആത്മാവ് ശരീരം വിട്ടുപോകുന്നു.

ഒരു വിധവയുടെ മകൻ മരിച്ചശേഷം അവനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നപ്പോൾ, അവന്റെ ആത്മാവ് ശരീരത്തിലേക്ക് മടങ്ങി വന്നു. അവന്റെ ജീവൻ യഥാസ്ഥാനത്താക്കുവാൻ ഏലിയാവ് "കുട്ടിയുടെമേൽ മൂന്നു പ്രാവശ്യം കവിണ്ണുകിടന്നു; എന്റെ ദൈവമായ യഹോവേ, ഈ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങി വരുമാറാകട്ടെ എന്നു യഹോവയോട് പ്രാർത്ഥിച്ചു" (1 രാജാക്കന്മാർ 17:21, 22; കെജെവി). കുട്ടി മരിച്ചപ്പോൾ അവന്റെ പ്രാണൻ അവനെ വിട്ടുപോയിരിക്കണം, അല്ലെങ്കിൽ അവനിലേക്ക് എങ്ങനെ മടങ്ങി വരും. ശരീരം മരിക്കുമ്പോൾ ആത്മാവ് വിട്ടുപോകുമെന്ന് വീണ്ടും അതു ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

"എന്റെ പ്രാണനെ എടുത്തുകൊള്ളേണമേ" എന്ന് ഏലിയാവ് ദൈവത്തോട് യാചിച്ചു (1 രാജാക്കന്മാർ 19:4; ന്യു വേൾഡ് ട്രാൻസ്ലേഷൻ), പല ഇംഗ്ലീഷ് വെർഷനുകളിലും അതു തർജിമ ചെയ്തിരിക്കുന്നത് "പ്രാണൻ" മരിക്കുമ്പോൾ ആത്മാവ് വിട്ടുപോകുന്നു എന്നാണ് വീണ്ടും നാം കാണുന്നത്.

സങ്കീർത്തനങ്ങൾ 16:8-11 ലെ ദാവീദിന്റെ പ്രവചനം നിറവേറിക്കൊണ്ട്, യേശുവിന്റെ ശരീരം ദ്രവത്വം കണ്ടില്ല, അവന്റെ പ്രാണനെ പാതാളത്തിൽ വിട്ടുകളഞ്ഞുമില്ല. യേശു ഉയർത്തെഴുന്നേറ്റതു തെളിയിക്കുവാൻ പത്രൊസ്, പെന്തെകൊസ്തുനാളിലെ തന്റെ പ്രസംഗത്തിൽ, സങ്കീർത്തനങ്ങൾ 16 ഉദ്ധരിക്കുകയുണ്ടായി (പ്രവൃത്തികൾ 2:29-31). അവൻ മരിച്ചപ്പോൾ, അവന്റെ പ്രാണൻ അവനെ വിട്ട്, പാതാളത്തിലേക്ക് പോകയും, ഉയർത്തെഴുന്നേറ്റപ്പോൾ അവനിലേക്ക് മടങ്ങി വരികയും ചെയ്തു.

"മൂഢനായിരുന്ന" ധനികനോട് ചോദിച്ചു, "ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോട് ചോദിച്ചാൽ നീ ഒരുക്കി വെച്ചത് ആർക്കാകും" (ലൂക്കൊസ് 12:20). മരണം അവനെ ഗ്രസിക്കയും, പ്രാണനെ അവനിൽനിന്നു എടുത്തുകളകയും ചെയ്യുമെന്നാണ് സൂചന.

ശരീരം മരിക്കുമ്പോൾ, പ്രാണൻ ശരീരം വിട്ടുപോകുമെന്ന്, ഈ വാക്യ

ങ്ങളിൽനിന്നു നമുക്ക് തീർച്ചയാക്കാം. ശരീരം വിട്ടുപോകുമ്പോൾ പ്രാണൻ മരിക്കുന്നില്ല. അതുപോലെ, നമ്മുടെ ആത്മാക്കളും അപ്പോൾ ശരീരം വിട്ട് തുടർന്നും ശരീരം കൂടാതെ ജീവിക്കുന്നു.

യേശു മരിച്ചപ്പോൾ, അവൻ തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ ഏല്പിച്ചു, പറഞ്ഞു, "പിതാവേ, എന്റെ ആത്മാവിനെ ഞാൻ തൃക്കരങ്ങളിൽ ഭരമേൽപിക്കുന്നു" (ലൂക്കൊസ് 23:46). യേശുവിന്റെ ശരീരം കുറച്ചു സമയം കൂടെ ക്രൂശിൽ കിടന്നു, പിന്നെ അവനെ അടക്കുകയും, ആത്മാവ് ദൈവത്തിന്റെ കരുതലിലേക്ക് എടുക്കപ്പെടുകയും ചെയ്തു.

നാം ജീവിക്കുമ്പോൾ, നമ്മുടെ ശരീരത്തിന്റെ കഴിവനുസരിച്ച് നമുക്ക് ചുറ്റും ചലിക്കുവാൻ കഴിയും. ദേഹിയും ആത്മാവും ശരീരത്തെ വിട്ടുപോയാൽ, പിന്നെ ശരീരത്തിന് പഴയ കഴിവില്ല. അവ ദൈവത്തിന്റെ സൂക്ഷിപ്പിനായി പോയിരിക്കുന്നു. ഉയിർത്തെഴുന്നേൽപുവരെ അവൻ അവയെ പാതാളത്തിൽ സൂക്ഷിക്കും.

**ഉപസംഹാരം**

"മരണവും" "ജീവനും" എന്ന വാക്കുകൾ അവ ഉപയോഗിച്ചിരിക്കുന്ന സന്ദർഭം അനുസരിച്ച് നാം മനസിലാക്കണം. നാം മരണവാതിലിൽ കൂടെ കടന്നുപോയാൽ, ആത്മാവും പ്രാണനും ശരീരം വിട്ടുപോകയും ശരീരമില്ലാത്ത അവസ്ഥയിലാകുകയും ചെയ്യും.